കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **197/2026** തീയതി : **19/09/2026**

## പത്രക്കുറിപ്പ്

## കേരളസർവകലാശാല
## ബിരുദ പ്രവേശനം - 2026

## കോളേജ്തല സ്‌പോർട്സ് ക്വാട്ട സ്‌പോട്ട് അഡ്മിഷൻ
## സെപ്റ്റംബർ 24 വ്യാഴാഴ്ച

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലെയും ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സ്‌പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള സ്‌പോട്ട് അഡ്മിഷൻ അതതു കോളേജുകളിൽ സെപ്റ്റംബർ **24** വ്യാഴാഴ്ച നടത്തുന്നതാണ്. സ്‌പോർട്സ് ക്വാട്ടയിൽ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് സ്‌പോട്ട് അഡ്മിഷൻ നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. ഉച്ചയ്ക്ക് **12.00** മണിക്ക് മുൻപായി തന്നെ വിദ്യാർത്ഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരാകേണ്ടതാണ്, **12.00** മണിക്ക് മുൻപായി ഹാജരാകുന്നവർക്ക് കോളേജ് തല റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ആദ്യ പരിഗണന ലഭിക്കുന്നതാണ്. രക്ഷകർത്താവ്/പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവയോടൊപ്പം വിദ്യാർത്ഥി ഒപ്പിട്ട authorization letter ഉം ഹാജരാക്കണം.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക **https://admissions.keralauniversity.ac.in/fyugp2026**. ഹെൽപ്പ്‌ലൈൻ നമ്പർ: **8281883052**.

## കേരള സർവകലാശാല
## ബിരുദ പ്രവേശനം - 2026
## സ്‌പോട്ട് അലോട്ട്മെന്റ്
## ഒഴിവുള്ള സീറ്റുകളിലേക്ക് അവസാന സ്‌പോട്ട് അലോട്ട്മെന്റ്
## സെപ്റ്റംബർ 23 ബുധനാഴ്ച

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അവസാന സ്‌പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 23 ബുധനാഴ്ച കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്തുന്നു.

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ കേരള സർവകലാശാല സെനറ്റ് ഹാളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം രാവിലെ 8.30 മുതൽ 10.00 മണി വരെ. അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(Authorization Letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും കോളേജിൽ ബിരുദ കോഴ്സിന് അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അല്ലോട്ട്മെന്റിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം ഒറിജിനൽ ടി.സി. നിർബന്ധമാണ്. കൂടാതെ, യോഗ്യത **(Plus Two Marklist),** സ്പെഷ്യൽ വെയ്റ്റേജ് **(NSS, NCC)** എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ/പകർപ്പുകൾ ഉണ്ടായിരിക്കണം.

സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 1390/- രൂപ, ജനറൽ, മറ്റ് സംവരണ വിഭാഗങ്ങൾക്ക് 2800/- രൂപ) അടയ്ക്കേതാണ്. ടി തുക ക്യാഷായി കൈയിൽ കരുതേണ്ടതാണ്, ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിശദവിവരങ്ങൾക്ക് സർവകലാശാല അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക (**https://admissions.keralauniversity.ac.in/fyugp**2026). ഹെൽപ് ലൈൻ നമ്പർ: 8281883052

## കേരളസർവകലാശാല
## ബിരുദാനന്തര ബിരുദ പ്രവേശനം - 2026
## കോളേജ്തല സ്പോർട്സ് ക്വാട്ട സ്പോട്ട് അഡ്മിഷൻ
## സെപ്റ്റംബർ 24 വ്യാഴാഴ്ച

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലെയും ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ അതതു കോളേജുകളിൽ സെപ്റ്റംബർ 24 വ്യാഴാഴ്ച നടത്തുന്നതാണ്. സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപായി തന്നെ വിദ്യാർത്ഥിയോ പ്രതിനിധിയോ കോളേജിൽ

ഹാജരാകേണ്ടതാണ്, 12.00 മണിക്ക് മുൻപായി ഹാജരാകുന്നവർക്ക് കോളേജ് തല റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ആദ്യ പരിഗണന ലഭിക്കുന്നതാണ്. രക്ഷകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവയോടൊപ്പം വിദ്യാർത്ഥി ഒപ്പിട്ട authorization letter ഉം ഹാജരാക്കണം.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക https://admissions.keralauniversity.ac.in/pg2026. ഹെൽപ്പ്ലൈൻ നമ്പർ: 8281883052.

## പരീക്ഷാ രജിസ്ട്രേഷൻ

കേരള സർവകലാശാല 2026 ഒക്ടോബറിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന രണ്ടാം സെമസ്റ്റർ എംബിഎ ഫുൾടൈം/ട്രാവൽ & ടൂറിസം (റെഗുലർ - 2024 സ്കീം)/സപ്ലിമെന്ററി – 2020 സ്കീം), ഡിസാസ്റ്റർ മാനേജ്മെന്റ് - റെഗുലർ & സപ്ലിമെന്ററി - 2023 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കേരള സർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ ബിഎ/ബിഎസ്സി/ബികോം ന്യൂജെനറേഷൻ ഡബിൾ മെയിൻ, ഒക്ടോബർ 2026 (സപ്ലിമെന്ററി - 2022 & 2023 അഡ്മിഷൻ) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ എംടെക് കമ്പ്യൂട്ടർ സയൻസ് സ്പെഷ്യലൈസേഷൻ ഇൻ ഡിജിറ്റൽ ഇമേജ് കമ്പ്യൂട്ടിംഗ് 2024 – 2026 (സി.എസ്.എസ്., കാര്യവട്ടം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

## പ്രാക്ടിക്കൽ

കേരള സർവകലാശാല 2026 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎസ്സി മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ 2026 സെപ്റ്റംബർ 24 മുതൽ 2026 ഒക്ടോബർ 1 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎസ്സി ജ്യോഗ്രഫി പരീക്ഷയുടെ പ്രാക്ടിക്കൽ 2026 സെപ്റ്റംബർ 23, 24 തീയതികളിൽ അതത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ ഡാൻസ് (കേരളനടനം) പരീക്ഷയുടെ പ്രാക്ടിക്കൽ 2026 സെപ്റ്റംബർ 22, 23 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബിഎ/ബിഎസ്സി/ബി.കോം സെപ്റ്റംബർ 2026 (സപ്ലിമെന്ററി - 2022 & 2023 അഡ്മിഷൻ, മേഴ്സി ചാൻസ് - 2014 - 2016 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബിഎ/ബിഎസ്‌സി/ബി.കോം (മേഴ്‌സി ചാൻസ് - 2010, 2011, 2012 അഡ്മിഷൻ) ജൂലൈ 2026 പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>പിഎച്ച്.ഡി നൽകി</u>

ശ്രീ. മുഹമ്മദ് ഷബീർ എം. പി. (കൊമേഴ്‌സ്), ശ്രീമതി. വീണ എസ്. കുമാർ (ഹിന്ദി), ശ്രീമതി. സാംഗിലി കൃഷ്ണ (സൈക്കോളജി) എന്നിവർക്ക് പിഎച്ച്.ഡി. നൽകുന്നതിന് കേരള സർവകലാശാല 2026 സെപ്റ്റംബർ 15 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായി.

## <u>നാഷണൽ കോൺഫറൻസ്</u>

അറബിക് വിഭാഗം 2027 ജനുവരി 5, 6, 7 തീയതികളിൽ "ഇന്ത്യയിലെ അറബിക് പഠനമേഖലയിൽ ഷാ വലിയുല്ലാഹ് അൽ-ദഹ്‌ലവിയുടെ കുടുംബത്തിന്റെ സംഭാവനകൾ" എന്ന വിഷയത്തെ അധികരിച്ചു നാഷണൽ കോൺഫറൻസ് നടത്തുന്നു. റിസർച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താല്പര്യമുള്ളവർ ഒക്ടോബർ 15 ന് മുമ്പായി പ്രബന്ധസംക്ഷിപ്തം **deptofarabickvtm@gmail.com** എന്ന വിലാസത്തിൽ അയക്കുക വിശദവിവരങ്ങൾക്ക്: 7907655218.

**വന്ദന മോഹൻദാസ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:** ku.release@keralauniversity.ac.in